REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 02-10-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഇന്ന് ഗാന്ധിജയന്തി. മഹാത്മാഗാന്ധിയുടെ 155-ാം ജന്മവാർഷികത്തിൽ രാജ്യം ഇന്ന് രാഷ്ട്രപിതാവിന് ആദരാഞ്ജലി അർപ്പിക്കുന്നു.**
- **മഹാത്മാഗാന്ധിയുടെ ആശയം ഉൾക്കൊണ്ട് രാജ്യത്തിന്റെയും സമൂഹത്തിന്റെയും വികസനം മുന്നോട്ട് കൊണ്ടുപോകാൻ പരിശ്രമിക്കണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.**
- **ന്യൂഡൽഹിയിൽ സ്വച്ഛ് ഭാരത് ദിവസ് പരിപാടിയിൽ പങ്കെടുക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് നിരവധി പദ്ധതികൾക്ക് തുടക്കം കുറിക്കും.**
- **മാലിന്യമുക്തം നവകേരളം - ജനകീയ ക്യാമ്പയിൻ മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ കൊട്ടാരക്കരയിൽ ഉദ്ഘാടനം ചെയ്യും.**
- **കേരളത്തിന് പ്രളയ ധനസഹായമായി കേന്ദ്രം 145 കോടിയിൽ പരം രൂപ അനുവദിച്ചു.**
- **സംസ്ഥാന വയോജനകമ്മീഷൻ ഒരുവർഷത്തിനകം യാഥാർത്ഥ്യാമാകുമെന്ന് മന്ത്രി ഡോ. R ബിന്ദു.**

## വാർത്തകൾ വിശദമായി

ഇന്ന് ഗാന്ധിജയന്തി. രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 155-ാം ജന്മവാർഷികത്തിൽ രാജ്യം ഇന്ന് അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിക്കുന്നു. മഹാത്മാഗാന്ധിയുടെ സമാധിസ്ഥലമായ ഡൽഹിയിലെ രാജ്ഘട്ടിൽ രാവിലെ സർവധർമ്മ പ്രാർത്ഥനാ സഭ സംഘടിപ്പിക്കും. രാജ്യത്ത് എല്ലായിടത്തും ഗാന്ധിജയന്തി ദിനത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

മുൻ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രിയെയും അദ്ദേഹത്തിന്റെ ജന്മവാർഷിക ദിനത്തിൽ രാജ്യം അനുസ്മരിക്കുന്നു.

✪✪✪

മഹാത്മാഗാന്ധിയുടെ സ്വപ്നമായ ഇന്ത്യ എന്ന ആശയം ഉൾക്കൊണ്ട് രാജ്യത്തിന്റെയും സമൂഹത്തിന്റെയും വികസനം തുടർച്ചയായി മുന്നോട്ട് കൊണ്ടുപോകാൻ പരിശ്രമിക്കണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു ജനങ്ങളെ ആഹ്വാനം ചെയ്തു. സത്യം, അഹിംസ, സ്നേഹം, പരിശുദ്ധി എന്നിവയുടെ മൂല്യങ്ങൾ മഹാത്മാഗാന്ധിയുടെ 155-ാം ജന്മവാർഷികത്തിൽ ആദരാഞ്ജലി അർപ്പിച്ച് ഉൾക്കൊള്ളണമെന്നും രാഷ്ട്രപതി പറഞ്ഞു. സത്യത്തിന്റെയും അഹിംസയുടെയും തീവ്ര അനുയായിയായ ബാപ്പുവിന്റെ ജീവിതം - മുഴുവൻ മനുഷ്യരാശിക്കും തുല്യതയില്ലാത്ത സന്ദേശമാണെന്നും സമാധാനത്തിന്റെയും സഹകരണത്തിന്റെയും പാത പിന്തുടരാൻ മഹാത്മാഗാന്ധി ജനങ്ങളെ പ്രചോദിപ്പിച്ചതായും രാഷ്ട്രപതി പറഞ്ഞു.

✪✪✪

155-ാമത് ഗാന്ധി ജയന്തി ദിനത്തിൽ ന്യൂഡൽഹിയിൽ നടക്കുന്ന സ്വച്ഛ് ഭാരത് ദിവസ് പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. ശുചിത്വത്തിനായി നടപ്പാക്കിയ ഏറ്റവും പ്രധാനപ്പെട്ട ബഹുജന പ്രസ്ഥാനങ്ങളിലൊന്നായ സ്വച്ഛ് ഭാരത് മിഷൻ ആരംഭിച്ച് 10 വർഷം പൂർത്തിയാവുന്ന സാഹചര്യത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

**....വോയ്സ്....**

9,600 കോടി രൂപയുടെ ശുചിത്വവും ശുചിത്വവുമായി ബന്ധപ്പെട്ട നിരവധി പദ്ധതികൾക്ക് മോദി ഉദ്ഘാടനം ചെയ്യുകയും തറക്കല്ലിടുകയും ചെയ്യും. അമൃത്, അമൃത് 2.0 എന്നിവയ്ക്ക് കീഴിൽ നഗരങ്ങളിലെ ജല, മലിനജല സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടു ആറായിരത്തി എണ്ണൂറ് കോടി രൂപയുടെ പദ്ധതികൾ, ദേശീയ ദൗത്യത്തിന് കീഴിൽ ഗംഗാ നദീതട പ്രദേശങ്ങളിലെ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും മാലിന്യ സംസ്കരണത്തിനും ഊന്നൽ നൽകുന്ന 1,550 കോടി രൂപയുടെ പത്ത് പദ്ധതികളും ക്ലീൻ ഗംഗയ്ക്കും 15 കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റിനുമായി ഗോബർദൻ പദ്ധതിക്ക് കീഴിൽ ആയിരത്തി 332 കോടി രൂപയുടെ പദ്ധതികളും ഇതിൽ പെടുന്നു.

✪✪✪

സ്വച്ഛതാ ഹി സേവ ക്യാമ്പയിന്റെ ഭാഗമായി  നെഹ്റു യുവ കേന്ദ്ര സംഘാതന്റെ ആഭിമുഖ്യത്തിൽ  തിരുവനന്തപുരം ശംഖുമുഖം ബീച്ചിൽ സംഘടിപ്പിക്കുന്ന ശുചീകരണ യജ്ഞം കേന്ദ്ര സഹമന്ത്രി  ജോർജ് കുര്യൻ രാവിലെ ഉദ്ഘാടനം ചെയ്യും.

✪✪✪

തൃശൂർ തളിക്കുളം ബീച്ചിൽ ഇന്ന് ശുചീകരണ യജ്ഞത്തിൽ  കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയായി പങ്കെടുക്കും.

✪✪✪

സംസ്ഥാനത്തെ ആറ് മാസം കൊണ്ട് മാലിന്യമുക്തമാക്കുന്ന യത്നത്തിന് ഇന്ന് തുടക്കം. "മാലിന്യ മുക്തം നവകേരളം" ജനകീയ കാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനവും പുലമൺതോട്  പുനരുജ്ജീവന പ്രഖ്യാപനവും മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ കൊട്ടാരക്കരയിൽ നിർവഹിക്കും. അന്താരാഷ്ട്ര ശൂന്യ മാലിന്യ ദിനമായ മാർച്ച് 30 ന് കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നത് ലക്ഷ്യമിട്ട് നടപ്പാക്കുന്ന കാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെങ്ങും ജന പങ്കാളി ത്തത്തോടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി എസ് നീരജ് ലാൽ

**വോയ്സ്....**

✪✪✪

സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം വൈകിട്ട് ആറ്റിങ്ങലിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും.

ട്രൈബൽ പ്ലസിൽ ഏറ്റവും കൂടുതൽ തൊഴിൽ ദിനം സൃഷ്ടിച്ച പഞ്ചായത്തിനു മഹാത്മ ഗോത്ര സമൃദ്ധി പുരസ്കാരവും മുഖ്യമന്ത്രി സമ്മാനിക്കും. സമൂഹത്തിന്റെ പൊതുമണ്ഡലത്തിലേക്ക് അടിസ്ഥാന ജനവിഭാഗങ്ങളെ കൈപിടിച്ചുയർത്താൻ ലക്ഷ്യമിട്ട് പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിലാണ് ഒക്ടോബർ 2 മുതൽ 16 വരെ പക്ഷാചരണ പരിപാടി സംഘടിപ്പിക്കുന്നത്.

'മാറുന്ന ലോകത്തിനൊപ്പം മുന്നേറാം നമുക്കൊന്നായി' എന്നതാണ് ഈ വർഷത്തെ പ്രമേയം.

ആദിവാസികൾക്ക് 100 ദിവസം കൂടി അധിക തൊഴിൽ നൽകുന്നതിനായി സംസ്ഥാന ഗവൺമന്റ് ആവിഷ്കരിച്ച ട്രൈബൽ പ്ലസ് പദ്ധതിയിൽ ഏറ്റവും

കൂടുതൽ തൊഴിൽ സൃഷ്ടിച്ച അഗളി ഗ്രാമപഞ്ചായത്തിനാണ് 5 ലക്ഷം രൂപയും മഹാത്മ ഗോത്ര സമൃദ്ധി പുരസ്കാരവും നൽകുന്നത്.

✪✪✪

പ്രളയം ബാധിച്ച കേരളമുൾപ്പെടെ 14 സംസ്ഥാനങ്ങൾക്കായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം 5,858. കോടി 60 ലക്ഷം രൂപ ധനസഹായം അനുവദിച്ചു. കേരളത്തിന് 145 കോടി 60 ലക്ഷം രൂപയാണ് അനുവദിച്ചത്.

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നു കേന്ദ്ര വിഹിതമായും ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നു മുൻകൂർ തുകയുമായാണ് ധനസഹായം.

ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിന് പ്രകൃതിദുരന്തം ബാധിച്ച സംസ്ഥാനങ്ങൾക്കൊപ്പം തോളോടുതോൾ ചേർന്ന് ഗവണ്മെന്റ് നിൽക്കുകയാണെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ സാമൂഹിക മാധ്യമപോസ്റ്റിൽ അറിയിച്ചു.

✪✪✪

ഒരുദേശീയ പത്രത്തിന് നൽകിയ അഭിമുഖത്തിൽ താൻ പറയാത്ത ഭാഗം പ്രസിദ്ധികരിച്ച വിഷയത്തിൽ പത്രം വിശദികരണം നൽകിയതായും വീഴ്ച സംഭവിച്ചതായി അവർ അറിയിച്ചതായും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. CPIM കോഴിക്കോട് ജില്ല കമ്മറ്റി ഓഫിസിനോട് അനുബന്ധിച്ച് നിർമിച്ച എ.കെ.ജി. ഓഡിറ്റോറിയത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു പിണറായി. സംസ്ഥാനത്തെ ഏതെങ്കിലും ഒരു ജില്ലയേയോ മതവിഭാഗത്തേയോ കുറ്റപ്പെടുത്തുന്ന സമീപനം തന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്നം ചില കാര്യങ്ങളിൽ വിയോജിപ്പ് പ്രകടിപ്പിക്കാറുണ്ടെന്നും അദ്ദേഹം പറഞ്ഞു. അത് തെറ്റായ കാര്യങ്ങൾക്കെതിരെയാണ്. കരിപ്പൂർ വിമാനത്താവളവുമായി ബന്ധപെട്ട് റജിസ്റ്റർ ചെയ്ത സ്വർണകടത്ത് കേസുകൾ സംബന്ധിച് നേരത്തെ വാർത്താസമ്മേളനത്തിൽ വ്യക്തമാക്കിയിരുന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു. ചട്ടകൂടിൽ നിന്നാണ് CPIM പ്രവർത്തിക്കുന്നതെന്നും ഒരു തെറ്റും അംഗികരിക്കാത്ത പാർട്ടിയാണെന്നും അദ്ദേഹം വ്യക്തമാക്കി.

✪✪✪

ജമ്മു കശ്മീരിൽ, ഇന്നലെ നടന്ന മൂന്നാമത്തെയും അവസാനത്തെയും ഘട്ട വോട്ടെടുപ്പിൽ പ്രാഥമിക കണക്കനുസരിച്ച് 65.65 ശതമാനം വോട്ട് രേഖപ്പെടുത്തി. ഏഴ് ജില്ലകളിലെ 40 മണ്ഡലങ്ങളിൽ നടന്ന വോട്ടെടുപ്പ് പൊതുവേ സമാധാനപരമായിരുന്നു. അടുത്ത ചൊവ്വാഴ്ചയാണ് വോട്ടെണ്ണൽ.

✪✪✪

ടെൽ അവീവിനു നേരെ ഇറാൻ ബാലിസ്റ്റിക് മിസൈൽ ആക്രമണം നടത്തിയതായി ഇസ്രായേൽ സൈന്യം അറിയിച്ചു. ജറൂസലേമിലും ടെൽ അവീവിലും ഉഗ്ര ശബ്ദത്തോടെ 180-ഓളം മിസൈലുകൾ പതിച്ചതായും ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും ഇസ്രായേൽ സൈനിക വക്താവ് ഡാനിയൽ ഹഗാരി പറഞ്ഞു.

മേഖലയിലെ സാഹചര്യം കണക്കിലെടുത്ത് ഇസ്രാഈലിലെ ഇന്ത്യൻ പൗരന്മാരോട് ജാഗ്രത പാലിക്കാനും പ്രാദേശിക ഭരണകൂടത്തിന്റെ ഉപദേശമനുസരിച്ച് സുരക്ഷാ പ്രോട്ടോക്കോൾ പാലിക്കാനും ടെൽ അവീവിലെ ഇന്ത്യൻ എംബസി നിർദേശിച്ചു. അനാവശ്യ യാത്രകൾ ഒഴിവാക്കാനും സുരക്ഷാ ഷെൽട്ടറുകൾക്ക് സമീപം തുടരാനും ഇന്ത്യക്കാർക്ക് നിർദേശം നൽകി. സ്ഥിതി സസൂക്ഷ്മം നിരീക്ഷിച്ചു വരികയാണെന്നും എല്ലാ ഇന്ത്യൻ പൗരന്മാരുടെയും സുരക്ഷ ഉറപ്പാക്കാൻ ഇസ്രായേൽ അധികൃതരുമായി നിരന്തരം ബന്ധം പുലർത്തുന്നുണ്ടെന്നും ഇന്ത്യൻ എംബസി അറിയിച്ചു.

✪✪✪

വയോജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സംസ്ഥാന വയോജന കമ്മീഷൻ ഒരു വർഷത്തിനകം യാഥാർത്ഥ്യമാകുമെന്ന് മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. അന്താരാഷ്ട്ര വയോജന ദിനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും വയോ സേവന അവാർഡ് വിതരണം തിരൂരിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

സംഗീതസംവിധായകൻ വിദ്യാധരൻ മാസ്റ്റർ, മുൻ MLA കൂടിയായ MJ ജേക്കബ്, വേണു G, K വാസന്തി, രാമചന്ദ്ര പുലവർ എന്നിവരെ വയോസേവന പുരസ്കാരം നൽകി മന്ത്രി ചടങ്ങിൽ ആദരിച്ചു.

✪✪✪

തിരൂർ തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയിൽ സൈൻസ് ഫിലിം ഫെസ്റ്റിവലിന്റെ പതിനേഴാമത് പതിപ്പ് മന്ത്രി ഡോ. R. ബിന്ദു ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെ ഇന്നലകളിൽ ഫിലിം സൊസൈറ്റികൾ നൽകിയ സംഭാവനകൾ ആർക്കും അവഗണിക്കാവുന്നതല്ലെന്ന് മന്ത്രി പറഞ്ഞു

✪✪✪

ജനുവരി ഒന്നോടെ ജന്മിത്തവുമായി ബന്ധപ്പെട്ട് ലാൻഡ് ട്രിബ്യൂണലിൽ നിലനിൽക്കുന്ന, എല്ലാ കേസുകളും പരിഹരിക്കുന്ന സംസ്ഥാനമായി കേരളം മാറുമെന്ന് മന്ത്രി കെ രാജൻ അറിയിച്ചു. കോഴിക്കോട് ജില്ലാ തല പട്ടയമേള ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഭൂമി തരംമാറ്റ പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ മാസം 25 മുതൽ അടുത്ത മാസം 15 വരെ എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ താലൂക്ക്തല അദാലത്ത് നടത്തും. അദാലത്തിൽ 25 സെൻറ് വരെ സ്ഥലങ്ങളുടെ ഭൂമി തരംമാറ്റത്തിൽ പരിഹാരം കാണുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

രജിസ്ട്രേഷൻ ഇല്ലാതെ ഡോക്ടർമാർ പ്രാക്ടീസ് നടത്തുന്നത് കുറ്റകരമാണെന്ന് മന്ത്രി വീണാ ജോർജ് വ്യക്തമാക്കി. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ പ്രകാരം ആശുപത്രിയിൽ ജോലി ചെയ്യുന്നവർ നിശ്ചിത യോഗ്യതയുള്ളവരാണെന്നും രജിസ്റ്റർ ചെയ്തവരാണെന്നും ഉറപ്പ് വരുത്തേണ്ടത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു. കോഴിക്കോട് ഫറോക്കിൽ നടന്ന സംഭവത്തിൽ കുറ്റക്കാർക്കെതിരെ നിയമപരമായി സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്നും വീണാജോർജ് അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കാൻ കാർഷിക വിളകളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം വ്യാപകമാക്കണമെന്ന് മന്ത്രി P. പ്രസാദ് പറഞ്ഞു. ജീവിതശൈലീ രോഗങ്ങളെ ചെറുത്തു ആരോഗ്യ സംരക്ഷണത്തിന് മില്ലെറ്റുകളുടെ ഉത്പ്പാദനത്തിനു പരിഗണന നൽകണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു. നൂറുദിന കർമ്മ പരിപാടികളുടെ ഭാഗമായി കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിക്കുന്ന കേരളഗ്രോ, മില്ലറ്റ് കഫേ വിപണനകേന്ദ്രങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിക്കുകയായിരുന്നു മന്ത്രി.

ആലപ്പുഴയിൽ മില്ലെറ്റ് സംസ്കരണ കേന്ദ്രം ഉടൻ പ്രവർത്തനം ആരംഭിക്കുമെന്ന് മന്ത്രി പറഞ്ഞു. 1076 കൃഷിഭവനുകളിലൂടെ നിർമ്മിക്കുന്ന മൂവായിരത്തിലധികം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിൽ 800 ഉൽപ്പന്നങ്ങൾ കേരളഗ്രോ ബ്രാൻഡിലേക്കു മാറിയിട്ടുണ്ട്. നൂറിലധികം ഉൽപ്പന്നങ്ങൾ ഓൺലൈൻ വിപണ സൈറ്റുകളിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

വസ്തുനിഷ്ഠവും പക്ഷപാതമില്ലാത്തതുമായ ചരിത്രമാണ് വിദ്യാർഥികൾ പഠിക്കേണ്ടതെന്നും, അതിനെതിരെ നടക്കുന്ന നീക്കങ്ങൾക്കെതിരെ അക്കാദമിക് സമൂഹം ശക്തമായി മുന്നോട്ടുവരണമെന്നും മന്ത്രി സജി ചെറിയാൻ ആവശ്യപ്പെട്ടു.

തൃപ്പൂണിത്തുറ പൈതൃക പഠനകേന്ദ്രത്തിന്റെ രാമവർമ്മ പരീക്ഷിത്ത് തമ്പുരാൻ പുരസ്കാരം തൃപ്പൂണിത്തുറയിൽ നടന്ന ചടങ്ങിൽ പ്രമുഖ സാഹിത്യ- ഭാഷാ പണ്ഡിതൻ ഡോ. ധർമ്മരാജ് അടാട്ടിനു സമ്മാനിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പൈതൃക പഠന കേന്ദ്രം ഡയറക്ടർ ജനറൽ ഡോ. MR. രാഘവവാരിയർ രചിച്ച മലബാറിന്റെ രേഖാപൈതൃകം എന്ന പുസ്തകം മന്ത്രി പ്രകാശനം ചെയ്തു.

✪✪✪

ജൽ ശക്തി അഭിയാന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ വിവിധ ജല സംരക്ഷണ പ്രവൃത്തികൾ കേന്ദ്രസംഘം സന്ദർശിച്ചു. നോയിഡ പ്രത്യേക സാമ്പത്തിക മേഖലാ വികസന കമ്മീഷണർ A. ബിപിൻ മേനോൻ, ITS ബാംഗളൂർ CGWBയിലെ ശാസ്ത്രജ്ഞ അനീഷ എന്നിവരാണ് വിവിധ പദ്ധതികൾ സന്ദർശിച്ചത്.

✪✪✪

വർഗീയ ശക്തികൾ, കള്ളക്കടത്തുകാർ, തീവ്ര നിലപാട് ഉള്ളവർ എന്നിവരെ സംബന്ധിച്ചു മുഖ്യമന്ത്രി പറയുന്നത് കാപട്യമാണെന്ന് BJP സംസ്ഥാന അധ്യക്ഷൻ K സുരേന്ദ്രൻ കുറ്റപ്പെടുത്തി. ചില മത ന്യൂനപക്ഷ - സമുദായ സംഘടനകളുടെയും, PV അൻവറിന്റെയും മുന്നിൽ മുഖ്യമന്ത്രി മുട്ടുമടക്കുകയാണെന്നും അദ്ദേഹം കൊച്ചിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. വോട്ട് ബാങ്കിന് വേണ്ടി എടുത്ത വഴിവിട്ട നിലപാടുകളാണ് CPIMനെ ഇന്നത്തെ നിലയിൽ എത്തിച്ചത് എന്നും അദ്ദേഹം പറഞ്ഞു.

✪✪✪